LIBRARY ARCHIVES Kerala Legislative Assembly

സെപ്റ്റംബർ മാസത്തിലും വിതരണം ചെയ്തിട്ടുണ്ട്. തീരദേശ മത്സ്യത്തൊഴിലാളികൾക്ക് ജൂലൈ മാസത്തിൽ നൽകേണ്ടതായ അവസാന ഗഡു നൽകുന്നതിന് ബഡ്ജറ്റ് തുക അപര്യാപ്തമായതിനാൽ അഡീഷണൽ ഓതറൈസേഷൻ മുഖേന 8.82 കോടിരൂപ അനുവദിക്കുകയും ആയത് സെപ്റ്റംബർ മാസം വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട്. അഡീഷണൽ ഓതറൈസേഷനായി തുക ലഭിച്ചത് 2015 ആഗസ്റ്റ് മാസം 24-ന് ആയതിനാലാണ് ജൂലൈ മാസം വിതരണം ചെയ്യേണ്ട തുക സെപ്റ്റംബർ ആദ്യവാരം വിതരണം ചെയ്യേണ്ടിവന്നത്. ഉൾനാടൻ മത്സ്യത്തൊഴിലാളികൾക്ക് ഗ്രണഭോക്തൃ വിഹിതമായ 900 രൂപ ആഗസ്റ്റ് മാസത്തിലും ഗവൺമെന്റ് വിഹിതം ഒന്നും രണ്ടും ഗഡുക്കൾ സെപ്റ്റംബർ മാസത്തിലും നൽകിയിട്ടുണ്ട്.

(ബി) കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് മുഖേന നൽകിവരുന്ന മത്സ്യത്തൊഴിലാളി പെൻഷൻ, മരണപ്പെട്ട മത്സ്യ തൊഴിലാളികളുടെ ഭാര്യമാർക്കുള്ള വിധവാ പെൻഷൻ, അനുബന്ധത്തൊഴിലാളി പെൻഷൻ എന്നിവ 2015 ഡിസംബർ മാസംവരെ വിതരണം ചെയ്തിട്ടുണ്ട്. 2016 ജനുവരി മാസത്തെ പെൻഷനാണ് കുടിശ്ശികയായിട്ടുള്ളത്.

(സി) ട്രോളിംഗ് നിരോധന കാലയളവിൽ തൊഴിൽ നഷ്ടപ്പെടുന്ന യന്ത്രവൽകൃത ബോട്ടിലെ തൊഴിലാളികൾ, പീലിംഗ് തൊഴിലാളികൾ, ഹാർബറുകളിലെ തൊഴിലാളികൾ എന്നിവർക്ക് ട്രോളിംഗ് നിരോധന കാലയളവിൽ സൗജന്യ റേഷൻ വിതരണം ചെയ്യുന്നുണ്ട്. ബി.പി.എൽ. ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള മത്സ്യ തൊഴിലാളികൾക്ക് ഒരു രൂപ നിരക്കിൽ അരി നൽകുന്ന പദ്ധതി സിവിൽ സപ്ലൈസ് വകുപ്പ് മുഖേന നടപ്പിലാക്കിവരുന്നു.

(ഡി) എല്ലാ ക്ഷേമപദ്ധതികളും കാലതാമസം കൂടാതെ, ധനസഹായം അർഹരായവരുടെ കൈകളിൽ എത്തിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിച്ചിട്ടുണ്ട്. ക്ഷേമപദ്ധതികളായ പെൻഷൻ, സമ്പാദ്യ സമാശ്വാസ പദ്ധതി, തണൽ എന്നിവയുടെ ആനുകൂല്യം ഡയറക്ട് ബെനിഫിഷറി ട്രാൻസ്ഫർ (DBT) മുഖാന്തരമാണ് ഗ്രണഭോക്താക്കൾക്ക് നൽകിവരുന്നത്.

മത്സ്യത്തൊഴിലാളികളുടെ പഞ്ചമാസ സമാശ്വാസ പദ്ധതി

252 (229) ശ്രീ. എ. കെ. ശശീന്ദ്രൻ:

ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ട്രോളിംഗ് നിരോധന, പഞ്ചമാസങ്ങളിൽ മത്സ്യത്തൊഴിലാളികൾക്ക് നൽകാറുള്ള 2700 രൂപ പകുതിയിലേറെപ്പേർക്കും ലഭിച്ചിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പഞ്ചമാസ സമാശ്വാസ പദ്ധതി പ്രകാരം തൊഴിലാളികളുടെ വിഹിതം കഴിഞ്ഞകൊല്ലം തന്നെ അടച്ചെങ്കിലും കേന്ദ്ര-സംസ്ഥാന സർക്കാരുകൾ അവരുടെ വിഹിതം മുടക്കിയതിനാൽ തൊഴിലാളികളുടെ പഞ്ചമാസ സമാശ്വാസ പദ്ധതി മുടങ്ങിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഈ കാര്യത്തിൽ എന്ത നടപടി സ്വീകരിച്ചു;

(സി) പ്രസ്തുത പദ്ധതി മുടങ്ങിയതിനാൽ മത്സ്യത്തൊഴിലാളികളുടെ പെൻഷൻ, തണൽ പദ്ധതി, അംഗത്വ അംശദായപിരിവ്, ലംപ്സംഗ്രാന്റ്, സ്കോളർഷിപ്പ് എന്നിവയും മുടങ്ങിയത് ശ്രദ്ധ്യയിൽപ്പെട്ടിട്ടുണ്ടോ; ഈ കാര്യത്തിൽ എന്ത നടപടിയാണ് സ്വീകരിച്ചത് എന്ന് അറിയിക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ വിഹിതം മുടക്കിയിട്ടില്ല. സമ്പാദ്യ സമാശ്വാസ പദ്ധതി 50 ശതമാനം കേന്ദ്രാവിഷ്കൃത പദ്ധതിയാണ്. സംസ്ഥാന ഗവൺമെന്റിൽ നിന്നും തുക പൂർണ്ണമായും ചെലവഴിച്ചതിനുശേഷം കേന്ദ്ര സർക്കാരിന്റെ വിഹിതം റീഇംബേഴ്സ്മെന്റായിട്ടാണ് ലഭിക്കുന്നത്.

2015-16 വർഷത്തിൽ തീരദേശ മത്സ്യത്തൊഴിലാളികൾക്ക് മേയ്, ജൂൺ, സെപ്റ്റംബർ മാസങ്ങളിലായും ഉൾനാടൻ മത്സ്യത്തൊഴിലാളികൾക്ക് ആഗസ്റ്റ്, സെപ്റ്റംബർ മാസങ്ങളിലുമായി സമ്പാദ്യ സമാശ്വാസ തുക വിതരണം ചെയ്തിട്ടുണ്ട്.

(സി) മത്സ്യത്തൊഴിലാളി വാർദ്ധക്യകാല പെൻഷൻ, വിധവാ പെൻഷൻ, അനുബന്ധത്തൊഴിലാളി പെൻഷൻ എന്നിവ 2015 ഡിസംബർ മാസത്തേത് ഉൾപ്പെടെ വിതരണം ചെയ്തുകഴിഞ്ഞു.

മത്സ്യബോർഡ് മുഖേന നൽകുന്ന തണൽ പദ്ധതി പ്രകാരമുള്ള 1350 രൂപയുടെ ധനസഹായം ഗുണഭോക്താക്കളിൽ നിന്ന് അപേക്ഷ സ്വീകരിച്ച് അവരവരുടെ അക്കൗണ്ടിലേയ്ക്ക് ബാങ്ക് മുഖേന നേരിട്ട് വിതരണം ചെയ്തുവരുന്നു. 2015-16 സാമ്പത്തിക വർഷങ്ങളിൽ മത്സ്യത്തൊഴിലാളികളിൽ നിന്നും അനുബന്ധത്തൊഴിലാളികളിൽ നിന്നും അംഗത്വ അംശദായ പിരിവ് യഥാസമയം പിരിച്ചുവരുന്നുണ്ട്. 2015-16 സാമ്പത്തിക വർഷത്തിൽ മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് വിദ്യാഭ്യാസാനുകൂല്യം നൽകുന്നതിന് 2405-00-800-92-12 (എൻ.പി.) ശീർഷകത്തിൽ 10 കോടിരൂപ വകയിരുത്തിയിരുന്നു. ഈ തുക അപര്യാപ്തമായതിനാൽ 15.40 കോടിരൂപ അധികമായി അനുവദിച്ചുനൽകുന്ന വിഷയം സർക്കാർ പരിശോധിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly